പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 757 23.07.2012-ൽ മറുപടിയ്ക്ക്

ആരാധനാലയങ്ങൾക്ക് നേരേയുള്ള ആക്രമണങ്ങളും മോഷണങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ ആരാധനാലയങ്ങൾക്ക് നേരേയുള്ള ആക്രമണങ്ങളും മോഷണങ്ങളും വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കേരളത്തിൽ ആരാധനാലയങ്ങൾക്ക് നേരേയുള്ള ആക്രമണങ്ങളും മോഷണങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കഴിഞ്ഞ ഒരു വർഷം ഇത്തരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) ആരാധനാലയങ്ങൾക്കുനേരെയുള്ള ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 26 കേസുകളും, മോഷണവും മോഷണശ്രമങ്ങളുമായി ബന്ധപ്പെട്ട് 335 കേസുകളും സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷം (ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള ഒരു വർഷം) രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഇതിൽ എത്ര എണ്ണത്തിന്റെ അന്വേഷണം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്; | (സി) ഇതിൽ 191 കേസുകളുടെ അന്വേഷണം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ? | (ഡി) ആരാധനാലയങ്ങൾക്ക് നേരേയുള്ള ആക്രമണങ്ങളും മോഷണങ്ങളും നിയന്ത്രിക്കുന്നതിനായി പോലീസ് വകുപ്പ് കർശനമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി സർക്കാർ "Special Temple Anti Theft Squad (STATS)" എന്ന പേരിൽ ഒരു അന്വേഷണസംഘം എ.ഡി.ജി.പി. ക്രൈംസിന്റെ മേൽനോട്ടത്തിൽ ക്രൈംബ്രാഞ്ചിന്റെ കീഴിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണ സംഘത്തെ സഹായിക്കുന്നതിനായി "Special Investigation Support Team (SIST)" എന്ന പേരിൽ ഒരു പ്രത്യേക വിഭാഗം എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. ആരാധനാലയങ്ങളുടെ സുരക്ഷയെ സംബന്ധിച്ചുള്ള വിവരങ്ങൾ SIST -ലെ ഉദ്യോഗസ്ഥർ ശേഖരിയ്ക്കുകയും മോഷണക്കേസുകളിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് സഹായകരമായ വിവര |

ങ്ങൾ നൽകുകയും ചെയ്തുവരുന്നു. കൂടാതെ ലോക്കൽ പോലീസും രഹസ്യാന്വേഷണ വിഭാഗവും ഇത്തരത്തിലുള്ള അക്രമങ്ങളും മോഷണങ്ങളും ഉണ്ടാകുന്നത് തടയുന്നതിനായി പട്രോളിംഗ് ശക്തിപ്പെടുത്തുകയും നിതാന്ത ജാഗ്രത പുലർത്തിവരികയും ചെയ്യുന്നു.

ആരാധനാലയങ്ങളുടെ സുരക്ഷ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി എല്ലാ SHO മാരും അവരവരുടെ അധികാരപരിധിയിൽ വരുന്ന ആരാധനാലയങ്ങളുടെ പേര്, ഉത്സവങ്ങളുടെ വിശദാംശങ്ങൾ, ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കങ്ങൾ, അധികാരികളുടെ മേൽവിലാസം, ഫോൺ നമ്പർ, ആരാധനാലയ പരിസരങ്ങളിലെ വിലപിടിപ്പുള്ള വസ്തുക്കളുടെ വിവരങ്ങൾ എന്നിവ അടങ്ങിയ ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയും, പൊതുജനങ്ങളുടെയും ആരാധനാലയ അധികാരികളുടെയും സഹകരണത്തോടെ സുരക്ഷാ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ അതാത് സർക്കിൾ ഇൻസ്പെക്ടർമാർ പ്രസ്തുത ആരാധനാലയങ്ങൾ മൂന്നുമാസത്തിലൊരിക്കൽ സന്ദർശിച്ച് സുരക്ഷ ഉറപ്പുവരുത്തുന്നുണ്ട്.

ജില്ലാ പോലീസ് മേധാവിമാർ തങ്ങളുടെ അധികാരപരിധിയിൽ വരുന്ന പൊതുപ്രാധാന്യമുള്ള സ്ഥലങ്ങളുടെ സുരക്ഷ ഉറപ്പാക്കണമെന്നുള്ള കേരള പോലീസ് ആക്ട് 2011-ലെ 60-ാം വകുപ്പ് അനുസരിച്ച് ആരാധനാലയങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ തുടങ്ങിയവയുടെ അധികാരികൾക്ക് സുരക്ഷാ നിർദ്ദേശങ്ങൾ നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരം ജില്ലാ പോലീസ് മേധാവിമാർ ആരാധനാലയങ്ങളുടെ അധികാരികൾക്കും സുരക്ഷാ ഗാർഡുകൾക്കും സുരക്ഷയെ സംബന്ധിച്ചും, അക്രമങ്ങളും മോഷണങ്ങളും ഉണ്ടാകാതെ തടയുന്നതിന് സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ